പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 503 — 02.07.2013-ൽ മറുപടിയ്ക്ക്

## ദേശീയ റേറ്റിംഗിൽ കെ. എസ്. ഇ. ബി.യുടെ സ്ഥാനം.

ചോദ്യം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ:
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ്ജ് :
ഡോ. എൻ. ജയരാജ് :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) ദേശീയ തലത്തിൽ നടത്തിയ റേറ്റിംഗിൽ കെ. എസ്. ഇ. ബി. ക്ക് ബി പ്ളസ് കരസ്ഥമാക്കാനാണ് സാധിച്ചത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം റേറ്റിംഗ് നിശ്ചയിച്ചതു മുഖാന്തിരം കേന്ദ്രത്തിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കെ. എസ്. ഇ. ബി. ക്ക് ധനസഹായം കിട്ടാനുള്ള സാധ്യത കുറഞ്ഞിട്ടുണ്ടോ ; വിശദമാക്കുമോ ?

(എ) ഉണ്ട്.

(ബി) ഇല്ല.

നിലവിൽ ബാങ്കുകളും, മറ്റു ധനകാര്യ സ്ഥാപനങ്ങളും കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള റേറ്റിംഗ് അടിസ്ഥാനമാക്കിയല്ല ധനസഹായം നൽകുന്നത്. എന്നാൽ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ, പവ്വർ ഫിനാൻസ് കോർപ്പറേഷൻ തുടങ്ങിയ കേന്ദ്ര ഗവൺമെൻറിൻെറ അധീനതയിലുള്ള പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ അവരുടേതായ റേറ്റിംഗ് നടത്തിയാണ് വൈദ്യുത ബോർഡിന് സഹായം നൽകുന്നത്. ടി റേറ്റിംഗിൽ ബോർഡിൻെറ കാര്യക്ഷമതയും, തിരിച്ചടയ്ക്കാനുള്ള ശേഷിയും നിലവിലുള്ള പൊതുകടത്തിൻെറ കുറവും പരിഗണിച്ച് ഇപ്പോൾ എ പ്ലസ് റേറ്റിംഗ് ആണ് നൽകിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല ഈ റേറ്റിംഗ് പുറത്തുവന്ന ശേഷം കേന്ദ്ര സർക്കാരിൻെറ തന്നെ കീഴിലുള്ള REC, PFC എന്നീ സ്ഥാപനങ്ങൾ കെ. എസ്. ഇ. ബിക്ക് പുതിയ ധനസഹായം ലഭ്യമാക്കാൻ മുന്നോട്ട് വന്നിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ.